# ആറ്റിങ്ങൽ നഗരസഭ

## 2013 – 2014 ലെ പുതുക്കിയ ബഡ്ജറ്റും
## 2014 – 2015 ലെ മതിപ്പ് ബഡ്ജറ്റും

ചെയർപേഴ്സൺ: അഡ്വ: എസ്. കുമാരി

വൈസ്ചെയർമാൻ: എം. പ്രദീപ്

മുൻസിപ്പൽ സെക്രട്ടറി: കെ. വിശ്വനാഥൻ

# MAP OF ATTINGAL MUNICIPALITY
# DISTRICT- THIRUVANANTHAPURAM
# TALUK- CHIRAYINKEEZHU



**ആറ്റിങ്ങൽ നഗരസഭ**

| | | |
|---|---|---|
| വിസ്തീർണ്ണം | : | 16.87 ച.കി |
| ജനസംഖ്യ | : | 37382 |
| വാർഡുകളുടെ എണ്ണം | : | 31 |
| ഗ്രേഡ് | : | 2 |

## ആറ്റിങ്ങൽ നഗരസഭ കൗൺസിൽ അംഗങ്ങൾ

| Ward | Name | Phone No. |
|---|---|---|
| 1. | Aalumoottil Najeena | 9496402757 |
| 2. | A.R. Najam | 9447584350 |
| 3. | S. Reju | 9895921531 |
| 4. | S. Jameela | 9846388429 |
| 5. | M. Pradeep | 9847115669 |
| 6. | Adv. S.Kumari | 9847788405 |
| 7. | Avanavancherry Raju | 9895946970 |
| 8. | K. Krishnamoorthy | 9446807787 |
| 9. | G.Babu | 9995764165 |
| 10. | S. Sreekumari | 9746043403 |
| 11. | V. Sreekumari | 9895459038 |
| 12. | Adv: R.S. Mini | 9495039441 |
| 13. | V.Venu | 9048920216 |
| 14. | S. Anitha | 9995060883 |
| 15. | R. Ramankutty | 9744642723 |
| 16. | K.Sobhana | 9961262578 |
| 17. | K.Sathy | 9946018627 |
| 18. | N. Padmanabhan | 9048402756 |
| 19. | P. Raju | 9446701793 |
| 20. | S. Vijayakumar | 9446565282 |
| 21. | N. Jayadevi | 9495656140 |
| 22. | S. Manju M. | 9744209796 |
| 23. | P. Unnikrishnan | 9447220539 |
| 24. | K.S. Sumamani | 9072425131 |
| 25. | V. Muraleedharan Nair | 9446362746 |
| 26. | Premakumari | 9072393924 |
| 27. | L. Latha | 9895366018 |
| 28. | S.Jalaja Kumari | 9846925709 |
| 29. | Adv. V.S. Saji | 9447162403 |
| 30. | V. Viswambharan | 9446105235 |
| 31. | Ramadevi Amma | 9645373086 |

# സ്റ്റാന്റിംഗ് കമ്മിറ്റി മെമ്പർമാർ

## ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

| | | |
|---|---|---|
| 1. | പ്രദീപ് എം. | ചെയർമാൻ |
| 2. | വി. മുരളീധരൻ നായർ | മെമ്പർ |
| 3. | ശ്രീകുമാരി വി. | മെമ്പർ |
| 4. | അഡ്വ: വി.എസ്. സജി | മെമ്പർ |
| 5. | സതി കെ. | മെമ്പർ |

## വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

| | | |
|---|---|---|
| 1. | ശ്രീകുമാരി എസ്. | ചെയർപേഴ്സൺ |
| 2. | അഡ്വ. മിനി ആർ.എസ്. | മെമ്പർ |
| 3. | മഞ്ജു എം.എസ്. | മെമ്പർ |
| 4. | വി. വിശ്വംഭരൻ | മെമ്പർ |
| 5. | രമാദേവി അമ്മ. | മെമ്പർ |

## ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

| | | |
|---|---|---|
| 1. | ആർ. രാമൻകുട്ടി | ചെയർമാൻ |
| 2. | ശോഭന കെ. | മെമ്പർ |
| 3. | ജയദേവി എൻ | മെമ്പർ |
| 4. | സുമാമണി കെ. എസ്. | മെമ്പർ |
| 5. | എസ്. ജലജകുമാരി | മെമ്പർ |

## ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

| | | |
|---|---|---|
| 1. | ജമീല എസ്. | ചെയർപേഴ്സൺ |
| 2. | ആലുംമൂട്ടിൽനജീന | മെമ്പർ |
| 3. | എ.ആർ.നജാം | മെമ്പർ |
| 4. | അനിത എസ്. | മെമ്പർ |
| 5. | എസ്. വിജയകുമാർ | മെമ്പർ |

## മരാമത്ത്കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

| | | |
|---|---|---|
| 1. | അവനവൻചേരി രാജു | ചെയർമാൻ |
| 2. | എസ്. രജു | മെമ്പർ |
| 3. | കൃഷ്ണമൂർത്തി കെ. | മെമ്പർ |
| 4. | പി. രാജു | മെമ്പർ |
| 5. | ലത എൽ. | മെമ്പർ |

## വിദ്യാഭ്യാസ കലാ കായിക കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

| | | |
|---|---|---|
| 1. | പ്രേമകുമാരി പി. | ചെയർപേഴ്സൺ |
| 2. | ബാബു ജി. | മെമ്പർ |
| 3. | വി. വേണു | മെമ്പർ |
| 4. | എൻ. പത്മനാഭൻ | മെമ്പർ |
| 5. | പി. ഉണ്ണികൃഷ്ണൻ | മെമ്പർ |

## മുൻസിപ്പൽ കൗൺസിൽ - ആറ്റിങ്ങൽ

| | | |
|---|---|---|
| വിസ്തീർണ്ണം | : | 16.87 ചതുരശ്ര കിലോമീറ്റർ |
| ജനസംഖ്യ | : | 37382 (2011 ലെ സെൻസസ്സ്) |
| വാർഡുകളുടെ എണ്ണം | : | 31 |
| ജനറൽ | : | 14 |
| ജനറൽ വനിത | : | 14 |
| പട്ടികജാതി | : | 1 |
| പട്ടികജാതി വനിത | : | 2 |
| ഗ്രേഡ് | : | 2 |

| | | |
|---|---|---|
| മുനിസിപ്പൽ സെക്രട്ടറി | : | കെ. വിശ്വനാഥൻ |
| മുനിസിപ്പൽ എഞ്ചിനീയർ | : | സുരേഷ്കുമാർ എസ്.കെ |
| അസി: എഞ്ചിനീയർ | ; | മുഹമദ് ഷഫീക്ക് ഇ. |
| ഹെൽത്ത് സൂപ്പർവൈസർ | : | ബി. അജയകുമാർ |
| സൂപ്രണ്ട് (ജനറൽ അഡ്മിനിസ്ട്രേഷൻ) | : | സുമ എം.എൽ. |
| സൂപ്രണ്ട് (റവന്യൂ) | : | സന്തോഷ്കുമാർ വി. |
| സൂപ്രണ്ട് (ഹെൽത്ത് & എഞ്ചിനീയറിംഗ്) | : | നുസീഫ കെ. |

# ആറ്റിങ്ങൽ നഗരസഭയുടെ 2014 – 15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ച് കൊണ്ട് ധനകാര്യ കമ്മിറ്റിയുടെ ചെയർമാൻകൂടിയായ വൈസ് ചെയർമാൻ എം പ്രദീപ് നടത്തിയ പ്രസംഗം

ബഹുമാനപ്പെട്ട ചെയർ പേഴ്സൺ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, കൗൺസിലർമാർ, സെക്രട്ടറി, ഉദ്യോഗസ്ഥ സുഹൃത്തുക്കളെ,

ആറ്റിങ്ങൽ നഗരസഭയുടെ 2013-14 ലെ പുതുക്കിയ ബഡ്ജറ്റും 2014-15 ലെ മതിപ്പ് ബഡ്ജറ്റും കൗൺസിലിന്റെ വിശദമായ ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു. ഈ കൗൺസിൽ അധികാരത്തിൽ വന്നതിന് ശേഷമുള്ള നാലാമത്തെ ബഡ്ജറ്റാണിത്. കഴിഞ്ഞ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിട്ടുള്ളതും വാഗ്ദാനം ചെയ്തതുമായ പരമാവധി കാര്യങ്ങൾ നടപ്പിലാക്കാൻ ശ്രമിച്ചിട്ടുണ്ട് പദ്ധതി വിഹിതം കൂടി ഉൾപ്പെടുത്തിയാണ് ഈ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്

ഈ ബഡ്ജറ്റിൽ പ്രവേശിക്കുമ്പോൾ നിരവധി വികസനക്ഷേമ പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞ ചാരിതാർത്ഥ്യവും അതു പോലെ മുൻ കാലങ്ങളിൽ നിന്ന് വ്യത്യസ്ഥമായി നിരവധി ബഹുമതികൾ നേടാൻ കഴിഞ്ഞതിലുള്ള അഭിമാനവും ഈ കൗൺസലിനുണ്ട്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ശുചിത്വ പരിപാലനത്തിനുള്ള അവാർഡ് എട്ടാമത് തവണയും നമുക്ക് തന്നെ ലഭിച്ചു. മറ്റ് നഗരസഭകളും രാജ്യവും നേരിടുന്ന ഗുരുതരമായ ഒരു പ്രശ്നത്തിൽ മാതൃകാ പരമായ പ്രവർത്തനം നടത്തി രാജ്യത്തിന് തന്നെ മാതൃകയായ അപൂർവ ബഹുമതിയാണ് മാലിന്യ സംസ്കരണ പരിപാലന പദ്ധതിയിൽ ആറ്റിങ്ങലിന് ലഭിച്ചത്.

കേരള സർക്കാർ ഈ വർഷം മുതൽ ഏർപ്പെടുത്തിയ ഏറ്റവും നല്ല നഗരസഭയ്ക്കുള്ള അവാർഡും സർക്കാരിന്റെ ഇന്നവേഷൻ അവാർഡും തേടിയെത്തിയത് ആറ്റിങ്ങൽ നഗരസഭയെതന്നെയാണ്. എ.അലി ഹസൻ സ്മാരക അവാർഡുൾപ്പെടെ നിരവധി പുരസ്കാരങ്ങളും ഈ വർഷം നഗരസഭയ്ക്ക് ലഭിച്ചു. കൂട്ടായതും സുതാര്യമായതും ജനകീയവുമായ പ്രവർത്തനങ്ങളാണ് ഈ അവാർഡുകൾക്ക് ആറ്റിങ്ങൽ നഗരസഭയെ പ്രാപ്തമാക്കിയത്. ഇത് ആറ്റിങ്ങലിന് മാത്രം സ്വന്തമായ വേറിട്ടൊരു സംസ്കാരമാണ്. ടൗൺ പ്രദേശത്തിന്റെ പൊതുവായിട്ടുള്ളതും അടിസ്ഥാനപരവുമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയെന്ന ലക്ഷ്യമാണ് ഈ ബഡ്ജറ്റിനുമുള്ളത്

കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ശതാബ്ദി ഭവനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.

നഗര സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായിട്ടുള്ള തെരുവ് വിളക്കുകൾ, കാത്തിരിപ്പ് കേന്ദ്രങ്ങൾ, ഫുട്പാത്തിൽ റെയിലിംഗ് സംവിധാനം എന്നിവ നടപ്പിലായി കഴിഞ്ഞു. പുതിയതായി പതിനാലായിരം മീറ്റർ നീളത്തിൽ പൈപ്പു ലൈൻ സ്ഥാപിച്ച് കുടിവെള്ള പ്രശ്നത്തിന് ഒരു പരിധി വരെ പരിഹാരം കാണാൻ കഴിഞ്ഞു. ഒരു പദ്ധതികാലയളവിൽ ഇത്രയും ദൂരം പൈപ്പ് ലൈൻ നീട്ടുന്നത് ആദ്യമായിട്ടാണ്. വൈദ്യുതിയില്ലാത്ത വീടുകുളിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള പ്രവർത്തനവും അന്തിമ ഘട്ടത്തിലാണ് പുതിയതായി നൂറ് എൽ ഇഡി ലൈറ്റുകൾ സ്ഥാപിച്ചു

അഞ്ചുകോടിയോളം രൂപ ചിലവഴിച്ച് റോഡുകളുടെ നവീകരണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള മരാമത്ത് പണികൾ നിർമ്മാണ ഘട്ടത്തിലാണ്

ആറ്റിങ്ങൽ മാർക്കറ്റിലെ പുതിയ ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തിയാക്കി. നഗരസഭാ ആഫീസിന്റെ നവീകരണ പ്രവർത്തനം അന്തിമ ഘട്ടത്തിലാണ്". പൊതു ജനങ്ങളുടെ സൗകര്യാർത്ഥം അപേക്ഷകൾ നൽകുന്നതിനും രേഖകൾ കൈമാറുന്നതിനും ഏക ജാലക സംവിധാനം നടപ്പിലാക്കി, നഗരസഭാ അങ്കണത്തിലെ പൊതു ടോയ്ലറ്റ് നിർമ്മാണം ആരംഭിച്ചു

വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ പുതിയ ഒ പി ബ്ലോക്ക് (എം പി ഫണ്ട്) പ്രവർത്തനവും ക്യാന്റീനും ആരംഭിച്ചു, അത്യാഹിത വിഭാഗത്തിന്റെ നവീകരണവും പൂർത്തിയാക്കി സിദ്ധ ആയുർവേദ ആശുപത്രികളുടെ അറ്റ കുറ്റപണികൾ പൂർത്തിയാക്കി

ഹോമിയോ ആശുപത്രിയിൽ നാൽപ്പതു ലക്ഷത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു.നമ്മുടെ അധീനതയിലുള്ള നാല് സർക്കാർ ആശുപത്രികളിലും രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാക്കാതെ മരുന്നും മറ്റ് സംവിധാനങ്ങളും എത്തിക്കാൻ കഴിഞ്ഞു.

ശക്തവും മാതൃകാപരവുമായ രോഗ പ്രതിരോധ പ്രവർത്തനങ്ങളിലൂടെ പകർച്ച വ്യാധികളെ തടഞ്ഞു നിർത്താൻ കഴിഞ്ഞു

മാലിന്യ സംസ്കരണ പ്ലാന്റിൽ യന്ത്ര വൽക്കരണ നടപടികൾ അവസാന ഘട്ടത്തിലാണ് ബി.എച്ച്. എസ് , ജി എച്ച് എസ്, ഐടി ഐ, പോളിടെക്നിക് ഡയറ്റ്, ഗവ കോളേജ്, ആറ്റിങ്ങൽ മാർക്കറ്റ്, വലിയ കുന്ന് ആശുപത്രി എന്നിവിടങ്ങളിൽ മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം ആരംഭിച്ചു. സാനിട്ടറി ലാന്റ് ഫില്ലിംഗ് പദ്ധതിയുടെ നിർമ്മാണ നടപടികളും അന്തിമ ഘട്ടത്തിലാണ്. ഉറവിട മാലിന്യ സംസ്കരണപദ്ധതിയും നടപ്പിലാക്കി വരുന്നു

ഗവ ബി എച്ച് എസ്, ജി എച്ച് എസ്, അവനവഞ്ചേരി ഹൈസ്ക്കൂൾ എന്നീ സ്കൂളുകളിൽ പുതിയ മന്ദിരങ്ങൾ നിർമ്മിച്ചു. മറ്റ് സ്കൂളുകളിലെ അറ്റകുറ്റപണികൾ പൂർത്തിയാക്കി കായിക മേഖലയെ പ്രോത്സാഹിപിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിച്ചു പഠന കാര്യത്തിൽ പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കി അവനവഞ്ചേരി യുവജന സമാജം ഗ്രന്ഥശാല മന്ദിര നിർമ്മാണം (എം.പി.ഫണ്ട്) ആരംഭിച്ചു. തുടർ സാക്ഷരതാ രംഗത്ത് അഭിമാനാർഹമായ നേട്ടം കൈവരിച്ചു . കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കർഷകർക്ക് പമ്പ് സെറ്റുകൾ നൽകി, നെൽ കർഷകർക്ക് പ്രത്യേക സഹായം നൽകി പച്ചക്കറി വിത്തും വളവും വിതരണം ചെയ്തു. രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചു മാറ്റി. സ്കൂളുകളിൽ കോഴി കുഞ്ഞുങ്ങളെ വിതരണം ചെയ്തു മൃഗാശുപത്രി വഴി കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കി. മൃഗാശുപത്രിവഴി കോഴി കുഞ്ഞുങ്ങളെ വിതരണം ചെയ്തു. പ്രതിരോധ മരുന്നുകൾ ഉൾപ്പെടെഎല്ലാ മരുന്നുകളും എത്തിക്കാൻ കഴിഞ്ഞു.

മാമത്തും വെള്ളൂർക്കോണത്തും പുതിയ അംഗൻവാടി മന്ദിരങ്ങളുടെ നിർമ്മാണം ആരംഭിച്ചു. അംഗൻവാടികളുടെ വൈദ്യുതീകരണം ഉൾപ്പെടെയുള്ള അറ്റകുറ്റപണികൾ നിർവഹിച്ചു. തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിഞ്ഞു

വൃദ്ധസദനത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി. വൃദ്ധർക്കായി പ്രത്യേക ഹോമിയോ ചികിത്സാ സംവിധാനം ഏർപ്പെടുത്തി. കുടുംബശ്രീ പ്രവർത്തനം കുറ്റമറ്റതാക്കി. അയൽക്കൂട്ടങ്ങളുടെ എണ്ണം 251 ആക്കി ഉയർത്തി. ൗണിലെ അർഹരായഎല്ലാരേയും കുടുംബശ്രീ അംഗങ്ങളാക്കി. വനിതാ വ്യവസായ കേന്ദ്രത്തിൽ പുതിയ യൂണിറ്റ് ആരംഭിച്ചു.

പ്രശംസനീയമായരീതിയിൽ ആശ്രയ പദ്ധതി യും, പാലിയേറ്റീവ് കെയർ യൂണിറ്റും നടപ്പിലാക്കി

കൊല്ലമ്പുഴയിലെ ടൂറിസം വികസന പദ്ധതി ആരംഭിച്ചു. ടി ബി ജംഗ്ഷൻ പാർക്ക് നവീകരിച്ചു സാംസ്കാരിക പരിപാടികൾ നടത്തുന്നതിന് പ്രത്യേക സൗകര്യം ഏർപ്പെടുത്തി

ഓണാഘോഷം വിപുലമായി സംഘടിപ്പിച്ചു.

വലിയകുന്ന് സ്റ്റേഡിയത്തിന്റെ അവശേഷിക്കുന്ന ജോലികൾ പൂർത്തിയാക്കാൻ കഴിഞ്ഞു.

പട്ടികജാതി വിഭാഗത്തിന് പ്രത്യേക പരിഗണന നൽകി 13 കുടുംബങ്ങൾക്ക് വീട് നൽകി വൈദ്യുതിയില്ലാത്ത കോളനികളിൽ വൈദ്യുതിയും കുടിവെള്ളമില്ലാതിരുന്ന കോളനിയിൽ കുടിവെള്ളവുമെത്തിക്കാൻ കഴിഞ്ഞു. മാമം ബസ്സ്റ്റാന്റ് കേസിന്റെ നടപടികൾ അന്തിമ ഘട്ടത്തിലെത്തിക്കാൻ കഴിഞ്ഞു

അർഹതപ്പെട്ട എല്ലാവർക്കും ക്ഷേമ പെൻഷനുകൾ നൽകാൻ കഴിഞ്ഞു കേരളത്തിലെ ഭൂരിപക്ഷം നഗരസഭകളും നേരിടുന്ന സാമ്പത്തിക പ്രതിസന്ധി നമ്മുടെ നഗരസഭയും നേരിടുന്നുണ്ട്. എങ്കിലും കൃത്യമായി ശമ്പളം നൽകുന്നതിൽ ഒരു വീഴ്ചയും വരുത്തിയിട്ടില്ല. സർക്കാരിൽ നിന്നും ലഭിച്ച ഫണ്ടിൽ നിന്നും പെൻഷൻകാരുടെ കുടിശ്ശിഖ നൽകി. തനത് ഫണ്ടിൽനിന്നും കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ ശമ്പള കുടിശ്ശിഖയും മറ്റ് ആനുകൂല്ല്യങ്ങളും നൽകാൻ കഴിഞ്ഞു. മറ്റ് ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശിഖ അവശേഷിക്കുന്നു. അത് പരിഹരിക്കുന്നതിനുള്ള തീവ്ര ശ്രമത്തിലാണ്.

കഴിഞ്ഞ വർഷം വരുമാനത്തിൽ 16.3 ശമാനം വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. തനത് വരുമാനം വർദ്ധിപ്പിക്കാതെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ കഴിയില്ല. ജനങ്ങളെ ബാധിക്കാതെ തന്നെ തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള തീവ്ര പ്രയത്നത്തിലാണ്. എന്നാൽ ജീവനക്കാരുടെ മറ്റ് ആനുകൂല്ല്യങ്ങൾ വർദ്ധിക്കുന്നതിന് അനുസരിച്ച് തനത് വരുമാന വർദ്ധനവ് കണ്ടെത്താനുംവളരെ ബുദ്ധിമുട്ടാണ്

ഈ പ്രതിസന്ധി കൂടി പരിഹരിക്കുക എന്ന ലക്ഷ്യവും ഈ ബഡ്ജറ്റിനുണ്ട് 42,66,25,597 രൂപ വരവും 30,32,31,690 രൂപ ചിലവും 12,33,93,907രൂപ മിച്ചവും പ്രതീക്ഷിക്കുന്ന ബഡ്ജറ്റാണ് പുതിയ സാമ്പത്തിക വർഷത്തേയ്ക്ക് അംഗീകാരത്തിനായി സമർപ്പിക്കുന്നത്. സർക്കാരിൽ നിന്നും കാര്യമായ സാമ്പത്തിക സഹായവും കൂടി ഉണ്ടായാലെ പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയൂ. അതിന് എല്ലാവരുടെയും കൂട്ടായ ശ്രമം ആവശ്യമാണ്

കഴിഞ്ഞ പദ്ധതികൾ നടപ്പിലാക്കുന്നതിന് എല്ലാ അംഗങ്ങളുടേയും ഉദ്യോഗസ്ഥരുടേയും സഹകരണം പൂർണ്ണമായും ലഭിച്ചിട്ടുണ്ട് തുടർന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. സംസ്ഥാനത്തിന് തന്നെ മാതൃകാപരമായ പ്രവർത്തനം നടത്തുന്ന നമുക്ക് മുൻ വർഷങ്ങളിലെ പോലെ ജനങ്ങളുടെ ക്ഷേമത്തെയും നാടിന്റെ വികസനത്തെയും ലക്ഷ്യമാക്കി മുന്നോട്ട് പോകാം. ഇതു വരെയുള്ള പ്രവർത്തനങ്ങളിൽ സഹകരിച്ച എല്ലാ അംഗങ്ങൾക്കും ജീവനക്കാർക്കും നന്ദി രേഖപ്പെടുത്തികൊണ്ട് ഈ ബഡ്ജറ്റ് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

(ഒപ്പ്)

എം. പ്രദീപ്

വൈസ് ചെയർമാൻ & ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ

# പുതിയ പദ്ധതികളും നിർദ്ദേശങ്ങളും

- **എല്ലാവർക്കും വീട്, എല്ലാ വീട്ടിലും വൈദ്യുതി, എല്ലാവർക്കും കുടിവെള്ളം. വെള്ളത്തിനും വെളിച്ചത്തിനും പൂർണ്ണ പരിഹാരം. സമ്പൂർണ്ണ ഭവന നഗരം ലക്ഷ്യം**
- **അർഹരായ എല്ലാവർക്കും പ്രത്യേക പദ്ധതിയിലൂടെ പെൻഷൻ നൽകും സമ്പൂർണ്ണ പെൻഷൻ നഗരം ലക്ഷ്യം**
- **സമ്പൂർണ്ണ രോഗ പ്രതിരോധ നഗരം**
- **അർഹരായ എല്ലാവരെയും കണ്ടെത്തി വീട് നിർമ്മിച്ച് നൽകും വൈദ്യുതീകരിക്കാത്ത വീടുകളിൽ വൈദ്യുതി എത്തിക്കുക എന്ന ലക്ഷ്യത്തോടെ പുതിയ വൈദ്യുതി ലൈനുകൾ സ്ഥാപിക്കും**
- **ടൗണിലെ എല്ലാ പോസ്റ്റുകളിലും നിലവിലുള്ള ഇലക്ട്രിക് ലൈറ്റുകൾ ഒഴിവാക്കി എൽ ഇ ഡി ലൈറ്റുകൾ സ്ഥാപിക്കും**
- **ജീവനക്കാരുടെ ശമ്പളവിതരണം ബാങ്കുവഴിയാക്കും**
- കൂടുതൽ വെളിച്ചം ഒപ്പം വൈദ്യുത ചാർജ്ജിൽ കുറവ് വരുത്തുകയുമാണ് ലക്ഷ്യം വൈദ്യുതോർജ്ജത്തിൽ നിന്ന് സൗരോർജ്ജത്തിലേയ്ക്ക് പദ്ധതി
- വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ നഗരസഭ ആഫീസിലും സൗരോർജ്ജ പാനൽ സ്ഥാപിക്കും
- സൗരോർജ്ജം പ്രയോജനപ്പെടുത്താൻ വിപുലമായ പദ്ധതി
- സമ്പൂർണ രോഗ പ്രതിരോധ നഗരമെന്ന ലക്ഷ്യത്തോടെയുള്ള പദ്ധതികൾക്ക് രൂപം നൽകും. റസിഡന്റ്സ് അസോസി യേഷനുകളെയും സന്നദ്ധ സംഘടനകളെയും വിദ്യാലയങ്ങളെയും പ്രയോജനപ്പെടുത്തി വിപുലമായ പ്രതിരോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും
- സർക്കാർ സ്ഥാപനങ്ങളെയും പ്രയോജനപ്പെടുത്തും ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് മുൻഗണന ആശ്രയ പദ്ധതി വിപുലീകരിക്കും പദ്ധതിയിലെ വീടില്ലാത്ത എല്ലാവർക്കും വീട് നിർമ്മിച്ച് നൽകും ഭവന നിർമ്മാണപദ്ധതിയിൽ കൂടുതൽ പേരെ അംഗങ്ങളാകും
- പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ പ്രവർത്തനം വ്യാപിപ്പിക്കും.അർഹരായ എല്ലാവരെയും പദ്ധതിയിൽ അംഗങ്ങളാക്കും
- മുൻസിപ്പൽ ക്വാർട്ടേഴ്സ് സ്ഥലം പ്രയോജനപ്പെടുത്തി വനിതാ ഹോസ്റ്റൽ നിർമ്മിക്കും
- അവനവഞ്ചേരിയിലും വേളാർകുടി ഹരിശ്രീ നഴ്സറിസ്കൂൾ പരിസരത്തും ആലംകോടും കമ്മ്യൂണിറ്റി ഹാളുകൾ നിർമ്മിക്കും
- ഠൗൺ ഹാൾ ആധുനികരീതിയിൽ പുനർ നിർമ്മിക്കും ഷോപ്പിംഗ് കോംപ്ലക്സ്, അനുബന്ധ സംവിധാനങ്ങൾ എന്നിവ ഏർപ്പെടുത്തും വിപുലീകരണത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കും സാധാരണക്കാർക്ക് ഇപ്പോൾ ലഭിക്കുന്ന സൗകര്യങ്ങൾ നില നിർത്തും
- നഗരസഭ ആഫീസിനു മുന്നിൽ ശതാബ്ദി സ്മാരക ഗേറ്റ് നിർമ്മിക്കും നഗരസഭ ആഫീസ് സംവിധാനം വിപുലപ്പെടുത്തും സമഗ്ര കമ്പ്യൂട്ടർ വൽക്കരണം ഏർപ്പെടുത്തും
- കേസിന്റെ വിധി വരുന്നതിനനുസരിച്ച് ബസ് സ്റ്റാന്റ് മാമത്തേയ്ക്ക് മാറ്റും ഷോപ്പിംഗ് കോംപ്ലക്സ് ഓപ്പൺ എയർ ആഡിറ്റോറിയം എന്നിവ നിർമ്മിക്കും

- നിലവിലുള്ള ബസ് സ്റ്റാന്റ് നവീകരിക്കും
- കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് വിശ്രമ കേന്ദ്രം നിർമ്മിക്കും
- നെൽകൃഷിയെ പ്രോത്സാഹിപ്പിക്കും
- ഇടവിള പച്ചക്കറി കൃഷിയ്ക്ക് പ്രത്യേക പരിഗണന, രോഗം ബാധിച്ച തെങ്ങുകൾ മുറിച്ച് മാറ്റാൻ പദ്ധതി
- ദേശീയപാതയുമായി ബന്ധപ്പെടുത്തി ലിങ്ക് റോഡുകൾ നിർമ്മിക്കും
- പ്രാഥമിക ശുചിത്വപരിപാലനം സ്കൂളുകളിൽനിന്ന്- പദ്ധതി ആരംഭിക്കും
- സ്റ്റഡൻസ് പോലീസ് സംവിധാനം പ്രോത്സാഹിപ്പിക്കുന്നതിന് ധനസഹായം നൽകും
- ആലംകോടും അവനവൻഞ്ചേരിയിലും മൃഗാശുപത്രിയുടെ സബ്സെന്ററുകൾ ആരംഭിക്കും
- ക്രിമറ്റോറിയം നവീകരിക്കും
- കുളങ്ങൾ വൃത്തിയാക്കി ജല സേചന സൗകര്യം വർദ്ധിപ്പിച്ച് കൃഷിയ്ക്ക് പ്രയോജനപ്പെടുത്തും മത്സ്യ കൃഷി വ്യാപിപ്പിക്കും.
- കർഷകർക്ക് കുറഞ്ഞ പലിശനിരക്കിൽ ബാങ്ക് വായ്പ തരപ്പെടുത്തും. കാർഷികോൽപ്പന്ന വിപണനത്തിന് സംവിധാനം ഏർപ്പെടുത്തും,
- വളർത്തു മൃഗങ്ങൾക്ക് കുളമ്പ് രോഗത്തിനുൾപ്പെടെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ വിപുലീകരിക്കും കന്നുകുട്ടി പരിപാലനത്തിന് പ്രത്യേക പദ്ധതി
- വ്യവസായ കേന്ദ്രത്തിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കും കുടുംബശ്രീ യുടെ പ്രവർത്തനം വിപുലപ്പെടുത്തും
- പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കും. വനിതകൾക്കായി ആട് ഗ്രാമം പദ്ധതി ആരംഭിക്കും
- വനിതകൾക്ക് വിനോദത്തിനും വ്യായാമത്തിനും പ്രത്യേക പദ്ധതി. ജീവിത ശൈലി രോഗം ബാധിച്ചവരെ വീടുകളിലെത്തി പരിശോധിക്കുന്നതിന് കുടുംബശ്രീയുടെ നേതൃത്വത്തിൽ ഭവന സേവന സേന യൂണിറ്റ് ആരംഭിക്കും.
- ശാരീരികവും മാനസികമായ വെല്ലുവിളികൾ നേരിടുന്നവർക്ക് പ്രത്യേക സ്കോളർഷിപ്പ് ഇവരുടെ രക്ഷാകർത്താക്കൾക്കായി ബോധവൽക്കരണം ഈ വിഭാഗത്തിൽ പ്പെട്ട വിദ്യാർത്ഥികൾക്ക് സ്കൂളുകളിൽ പ്രത്യേക സംവിധാനവും പ്രത്യേക സംരക്ഷണ കേന്ദ്രവും ആരംഭിക്കും,
- വൃദ്ധസദനം പകൽ വീടാക്കി മാറ്റും വൃദ്ധ ജന പരിപാലനത്തിന് പ്രത്യേക പദ്ധതി. ആശുപത്രികളിൽ പ്രത്യേക ചികിത്സ സംവിധാനം ഏർപ്പെടുത്തും വൃദ്ധർക്ക് വീട് നിർമ്മാണത്തിന് പ്രത്യേക പദ്ധതി
- പട്ടികജാതി വിഭാഗത്തിൽപ്പെട്ട എല്ലാവർക്കും വീട്. എല്ലാ വീടുകളും പുനരുദ്ധരിക്കും എല്ലാ കോളനികളിലും വീടുകളിലും കുടിവെള്ളമെത്തിക്കും എല്ലാ വീടുകളിലും കക്കൂസ് നിർമ്മിച്ച് നൽകും പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യാർക്ക് പി എസ് സി പരിശീലന പരിപാടി.
- പത്താം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് പ്രത്യേക ട്യൂഷൻ പട്ടികജാതി വനിതകൾക്കും സ്വയം തൊഴിൽ കണ്ടെത്തുന്നതിന്റെ ഭാഗമായി ആട്ടോറിക്ഷകൾ നൽകും കോളനി റോഡുകൾ നവീകരിക്കും
- പട്ടിക ജാതി ക്ഷേമ ലക്ഷ്യത്തോടെ അംബേദ്ക്കർ പഠന കേന്ദ്രം ആരംഭിക്കുകയും വിപുലമായ ആഫീസ് സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യും സ്വന്തമായി ഭൂമിയുള്ള